المملكة العربية السعودية
وزارة الشؤون الإسلامية والدعوة والإرشاد
وكالة المطبوعات والبحث العلمي

# ഉംറയുടെ കർമ്മങ്ങൾ

രചന:

മുഹമ്മദ് ബ്നു സ്വാലിഹ്
അൽ ഉസൈമീൻ



മലയാളം

بسم الله الرحمن الرحيم

**ഉംറയുടെ കർമ്മങ്ങൾ:** ഇഹ്റാമും ത്വവാഫും സഅ്യും മുടിക ളയുകയോ വെട്ടുകയോ ചെയ്യുന്നതുമാണ്.

ഉംറയുടെ കർമ്മങ്ങളിൽ പ്രവേശിക്കു കയും ആരംഭിക്കുകയും ചെയ്യുന്നു എന്ന നിയ്യത്താണ് യദാർത്ഥത്തിൽ ഇഹ്റാം എന്ന് പറയുന്നത്.വലിയ അശുദ്ധി യിൽ നിന്ന് കുളിക്കുന്ന പോലെ കുളിക്കുന്നതും താൻ ഉപയോഗിക്കാറുള്ള ഏറ്റവും നല്ല സുഗന്ധ വസ്തുക്കൾ ശരീരത്തിലും തലയിലും താടിയിലും പൂശുന്നതും ഇഹ്റാമിന്റെ സുന്നത്താകുന്നു.

ആയിശﷺപറയുന്നു: നബിﷺഇഹ്റാമിന് ഉദ്ദേശിച്ചാൽ തന്റെ ഏറ്റവും നല്ല സുഗ ന്ധവസ്തു ഉപയോഗിക്കുമായിരുന്നു. ഇഹ്റാമിന് ശേഷവും അതിന്റെ തിളക്കം

അവിടുത്തെ തലയിലും താടിയിലും ഞാൻ ദർശിച്ചിരുന്നു. (ബു ഖാരി,മുസ്‌ലിം)

ഇഹ്റാമിന്റെ കുളി പുരുഷൻമാർക്കും സ്ത്രീകൾക്കും സുന്നത്താണ്. ആർത്തവ കാരിയോ പ്രസവാശുദ്ധിയിലുള്ളവളോ ആണെങ്കിൽ പോലും തഥൈവ. ഹജ്ജ ത്തുൽ വദാഇന്റെ സന്ദർഭത്തിൽ ദുൽ ഖുലൈഫായിൽ വെച്ച് ആബൂബക്കർ ﷺവിന്റെ ഭാര്യ അസ്മﷺ മുഹമ്മദ് എന്ന കുട്ടിയെ പ്രസവിച്ചു.അപ്പോൾ പ്രവാചക ൻ ﷺ പറഞ്ഞു. നീ കുളിച്ച് ഒരു വസ്ത്രം കൊണ്ട് കെട്ടിവെച്ച് ഇഹ്റാമിൽ പ്രവേശിച്ചു കൊള്ളുക.(മുസ്‌ലിം)

കുളിച്ച് സുഗന്ധം പൂശിയ ശേഷം ഇഹ്റാമിന്റെ വസ്ത്രം ധരിക്കണം. പുരുഷൻമാർ ഒരു തുണിയും മേൽമുണ്ടുമാണ് ധരിക്കേണ്ടത്. സ്ത്രീകൾക്ക് സൗന്ദര്യം പ്രദർശിപ്പിക്കാത്ത രീതിയിലുള്ള ഏത് വസ്ത്രവും ധരിക്കാവുന്നതാണ്.

എന്നാൽ മുഖമൂടിയോ കയ്യുറയോ ധരിക്കാൻ പാടില്ല. അന്യപുരു ഷൻമാരുടെ സാന്നിദ്ധ്യത്തിൽ മുഖം മറക്കാവുന്നതാണ്.

ഫറള് നമസ്കാരത്തിന്റെ സമയമാണെങ്കിൽ ആരത്തവ പ്രസവാശുദ്ധിയില്ലാത്തവർ ആ നമസ്കാരം നിർവ്വഹിക്കുക, അല്ലെങ്കിൽ വുളുവിന്റെ രണ്ട് റകഅത്തു സുന്നത്ത് നമസ്കാരം നിർവ്വഹിക്കുക. ശേഷം '' ലബ്ബൈ ക്കല്ലാഹുമ്മ ഉംറ'' എന്ന് പറഞ്ഞ് ഇഹ്റാം ചെയ്യുക.പിന്നീട് ഇപ്രകാരം തൽബിയ്യത്ത് ചൊല്ലിക്കൊണ്ടിരിക്കുക,

**لَبيكَ اللهم لَبيكَ، لَبيكَ لا شَريكَ لكَ لَبيكَ، إن الْحَمدَ، وَالنعمَةَ، لكَ وَالْملْكَ، لا شَريكَ لكَ**

(അല്ലാഹുവേ നിന്റെ വിളിക്കിതാ ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. നിന്റെ വിളി കേട്ട് വന്നിരിക്കുന്നു .നിനക്ക് യാതൊരു പങ്കുകാരനുമില്ല. നിന്റെ വിളിക്കിതാ ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. നിശ്ച

യം സർവ്വ സ്തുതിയും അനുഗ്രഹവും നിനക്കാണ്. രാജാധിപത്യവും നിനക്ക് തന്നെ. നിനക്ക് പങ്കുകാരില്ല.)
ചിലപ്പോൾ''ഇലാഹൽ ഹഖി ലബ്ബൈക്ക്'' എന്നും പറയാവുന്നതാണ്.

പുരുഷൻമാർ ശബ്ദം ഉയർത്തി തൽബിയ്യത്ത് ചൊല്ലുന്നതാണ് സുന്നത്ത്. സാഇബ്ബ്നു ഖല്ലാദ്ﷺ പറയുന്നു: നബിﷺ പറഞ്ഞു: ജിബ്രീൽعليه السلام എന്നെ സമീപിക്കുകയും എന്റെ സഹാബിമാരോട് ഉച്ചത്തിൽ തൽബിയത്ത് ചൊല്ലാൻ കൽപ്പിക്കണം എന്ന് എന്നോട് നിർദേശിക്കുകയും ചെയ്തു.'' ( ഹദീസ്)

ശബ്ദം ഉയർത്തുന്നതിലൂടെ അല്ലാഹുവിന്റെ ഒരു ചിഹ്നത്തെ പ്രകടമാക്കുകയും തൗഹീദിനെ പ്രഖ്യാപിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ സ്ത്രീകൾ തൽബിയ്യത്തോ മറ്റുദിക്റുകളോ ശബ്ദമുയർത്തി ചൊല്ലാൻ പാടില്ല.

‘‘ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക’’ എന്ന് പറയുന്നതിന്റെ അർത്ഥം നാഥാ, നിന്നെ അനുസരിച്ചുകൊണ്ട് ഞാനിതാ ഉത്തരം നൽകി വന്നിരിക്കുന്നു എന്നാണ്. കാരണം അല്ലാഹുവാണ് തന്റെ ദാസൻമാരെ ഹജ്ജിനു വേണ്ടി ക്ഷണിച്ചത്. അവന്റെ ഖലീലുകളായ ഇബ്‌റാഹീം عليه السلام യിലൂടെയും മുഹമ്മദ് ﷺ യിലൂടയും ആ വിളമ്പരം ഉണ്ടാവുകയും ചെയ്തു. അല്ലാഹു പറയുന്നു:

**وأذن في الناس بِالْحَج يَاتوكَ رِجَالًا وَعَلَى كُـل ضَـامر يَأْتـ من كُل فَج عَميق}{لِيشهَدوا مَنَافعَ م}**

(ജനങ്ങൾക്കിടയിൽ നീ ഹജ്ജിനായി വിളമ്പരം ചെയ്യുക,അവർക്ക് പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിതരാകേണ്ടതിന്. നടന്നും വിദൂരമായ സകല മലമ്പാതകളിലൂടെയും എല്ലാ വിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത്

കയറിയും അവർ നിന്റെ അടുത്ത് വന്നുകൊള്ളും. (ഹജ്ജ്: 27,28)

തന്റെ കർമ്മങ്ങൾ പൂർത്തിയാക്കുന്നതിന് രോഗമോ മറ്റോ പ്രതിബന്ധമായിത്തീരുമെന്ന് ആശങ്കയുള്ളവർ ഇഹ്റാമിന്റെ സന്ദർഭത്തിൽ തന്നെ ഇപ്രകാരം നിബന്ധന വെക്കുന്നത് സുന്നത്താണ്.

وإنْ حَبَسَنِي حَابِس فمَحلي حيثُ حَبستنِي

(എന്റെ കർമ്മങ്ങൾ പൂർത്തിയാക്കുന്നതിന് വല്ല തടസ്സവും ഉണ്ടായാൽ (നാഥാ) നീ തടഞ്ഞിടത്തു വെച്ച് ഞാൻ എന്റെ ഇഹ്റാമിൽ നിന്ന് വിരമിക്കുന്നതാണ്.

നബിﷺ സുബൈർ‎ﷺവിന്റെ പുത്രി ളുബ്ബാഅﷺയോട് ചോദിച്ചു:നിങ്ങൾ ഹജ്ജിനാണോ ഉദ്ദേശിക്കുന്നത്? അവർ പറഞ്ഞു: അതെ, പക്ഷെ എനിക്ക് വല്ലാത്ത വേദന അനുഭവപ്പെടുന്നു,

അപ്പോൾ പ്രവാചകൻ ﷺ പറഞ്ഞു.: എങ്കിലും നിബന്ധന ചെയ്ത് ഹജ്ജ് ചെയ്തോളൂ. അല്ലാഹുവേ, നീ തടയുന്നിടത്തു വെച്ചു ഞാൻ വിരമിക്കും എന്ന് പറഞ്ഞുകൊള്ളുക. എന്നാൽ നിന്റെ ഒഴിവ് രക്ഷിതാവിങ്കൽ സ്വീകരിക്കപ്പെടുന്നതാണ്.''(ബുഖാരി,മുസ്ലിം)

എന്നാൽ കർമ്മങ്ങൾ പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സം ഉണ്ടാകുമെന്ന് ഭയമില്ലാതിരിക്കുന്നുവെങ്കിൽ ഇങ്ങിനെ നിബന്ധന വെക്കാതിരിക്കുന്നതാണ് നല്ലത്. നബിﷺ ഇഹ്റാം ചെയ്തപ്പോൾ നിബ ന്ധന വെച്ചിരുന്നില്ല. അവിടുന്ന് ഇങ്ങനെ പരയുകയും ചെയ്തു. **لتأخذُوا عني مناسككم** (നിങ്ങളുടെ മനാസിക്കുകൾ(കർമ്മങ്ങൾ) എന്നിൽ നിന്ന് നിങ്ങൾ സ്വീകരിക്കുവീൻ) (മുസ്ലിം)

എല്ലാവരും ഇഹ്റാമിന്റെ സന്ദർഭത്തിൽ ഇങ്ങനെ നിബന്ധന ചെയ്യണം എന്ന് കൽപ്പിച്ചിട്ടുമില്ല. എന്നാൽ ളുബ്ബാഅ ﷺ തന്റെ രോഗം കാരണം കർമ്മങ്ങൾ പൂർത്തീകരിക്കാൻ കഴിയാതിരിക്കുമോ എന്ന് ഭയപ്പെട്ടിരുന്നു. അതുകൊണ്ട് മാത്രമാണ് അവരോട് അങ്ങനെ പറയാൻ നിർദ്ദേശിച്ചത് .

മുഹ്‌രിമായ വ്യക്തി തൽബിയ്യത്ത് ചൊല്ലുന്നത് അധികരിപ്പിക്കേണ്ടതാണ്. മനാസിക്കുകളടെ ഒരു വാചിക രൂപവും കൂടിയാണത്. പ്രത്യേകിച്ചും ഉയർന്ന സ്ഥലം കയറുക, താഴ്ന്ന സ്ഥലം ഇറങ്ങുക, രാത്രിയോ പകലോ മാറി വരിക, ഇഹ്റാമിൽ പാടില്ലാത്തതോ അരുതാത്തതോ ആയ ഒരു കാര്യം ഉദ്ദേശിക്കുക തുടങ്ങി സമയങ്ങളും സന്ദർഭങ്ങളും മാറുമ്പോഴെല്ലാം തൽബിയ്യത്ത് ചൊല്ലേണ്ടതാണ്.

ഉംറയിൽ ഇഹ്റാം ചെയ്തതു മുതൽ ത്വവാഫ് ആരംഭിക്കുന്നത് വരേയും ഹ ജ്ജിൽ ദുൽഹജ്ജ് പത്തിന് ജംറയിൽ കല്ലെറിയുന്നതുവരേയുമാണ് തൽബിയ്യ ത്ത് ചൊല്ലേണ്ടത്. മക്കയിൽ പ്രവേശി ക്കുമ്പോൾ സൗകര്യപ്പെടുകയാണെങ്കിൽ കുളിക്കുന്നത് സുന്നത്താണ്. നബിﷺ അ ങ്ങിനെ ചെയ്തിട്ടുണ്ട്. അബ്ദുല്ല ഇബ്നു ഉമർ‍ؓ പറയുന്നു:നബിﷺ ബത്ഹായിലൂ ടെയുള്ള ഉയർന്ന വഴികളിലൂടെ മക്ക യിലേക്ക് പ്രവേശിക്കുകയും തിരിച്ചു പോരുമ്പോൾ താഴ്ന്നഭാഗത്തെ വഴിയി ലൂടെ പുറപ്പെടുകയും ചെയ്യാറുണ്ടായി രുന്നു. (ബുഖാരി,മുസ്‌ലിം)

സാധിക്കുമെങ്കിൽ നബിﷺ പോയ വഴിക ളിലൂടെ പ്രവേശിക്കുകയും പുറപ്പെടു കയും ചെയ്യലാണ് ഏറ്റവും ശ്രേഷ്ഠ മായത്. മസ്ജിദുൽ ഹറാമിൽ എത്തി യാൽ വലതുകാൽ മുന്തിച്ചു കൊണ്ട്

പള്ളിയിൽ പ്രവേശിക്കുകയും അപ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുക:

**بسم ا والصلاة والسلام على رسول ا اللهم اغفر ذنو وافتح لي أبوَابَ رَحمَتكَ.أعـوذ بـا العظـيم وبوجهه الكر وبسلطانه القد من الشيطان الرجيم**

എന്നും അതിൽ നിന്ന് പുത്ത് വരുമ്പോൾ اللهــم إنــي أســألك مــن فضــلك എന്നും പ്രാർത്ഥിക്കുക.

(അല്ലാഹുവിന്റെ നാമത്തിൽ,അവന്റെ പ്രവാചകരുടെമേൽ ശാന്തിയും സമാധാനവും സദാ വർഷിക്കട്ടെ, അല്ലാഹുവേ എന്റെ പാപങ്ങൾ പൊറുക്കേണമേ, അല്ലാഹുവെ, നിന്റെ കാരുണ്യത്തിന്റെ കാവാടങ്ങൾ എനിക്ക് നീ തുറന്ന് തരണമേ. മഹാനും എന്നെന്നുമുള്ളവനുമായ അല്ലാഹുവിനോട് ശപിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അഭയം തേടുന്നു. )

ഭക്തിയോടും വിനയത്തോടും വിശുദ്ധ ഹറമിൽ എത്തിച്ചേരാൻ സൗകര്യപ്പെട്ടത് അല്ലാഹുവിന്റെ മഹാനുഗ്രഹം കൊണ്ടാണെന്ന് ഓർത്തുകൊണ്ടുമായിരിക്കണം അവിടെ പ്രവേശിക്കേണ്ടത്.

കഅബയുടെ നേരെ ചെന്ന് ഹജറുൽ അസ്‌വദിന്റെ അടുത്ത് നിന്ന് ത്വവാഫ് ആരംഭിക്കേണ്ടതാണ്. ത്വവാഫിന് പ്രത്യേകമായി നിയ്യത്ത് വെക്കേണ്ടതില്ല. അപ്രകാരം ചെയ്തതായി നബിﷺയിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുമില്ല. മാത്രമല്ല, നിയ്യത്തിന്റെ സ്ഥാനം ഹൃദയവുമാണ്. സൗകര്യപ്പെടുമെങ്കിൽ വലതു കൈ കൊണ്ട് ഹജറുൽ അസ്‌വദിനെ തൊടുകയും ചുംബിക്കുകയും ചെയ്യുക. അല്ലാഹുവിനോടുള്ള ആദരവും പ്രവാചകചര്യ പിന്തുടരാനും വേണ്ടിയാണിത്. അല്ലാതെ ആ കല്ല് എന്തെങ്കിലും ഗുണമോ ദോഷമോ ചെയ്യുമെന്ന് വിചാരിച്ചല്ല. അത് ചെയ്യുന്നത് അല്ലാഹു മാത്രമാണ്.

സത്യവിശ്വാസികളുടെ നേതാവായിരുന്ന ഉമർ ബ്നുൽ ഖത്താബ്ﷺ ഹജറുൽ അസ്‌വദിനെ ചുംബിച്ചപ്പോൾ ഇപ്രകാരം പറയുകയുണ്ടായി: “ഗുണമോ ദോഷമോ ചെയ്യാത്ത ഒരു കല്ല് മാത്രമാണു നീ എന്ന് എനിക്കറിയാം. അല്ലാഹുവിന്റെ റസൂൽ നിന്നെ ചുമ്പിക്കുന്നത് ഞാൻ കണ്ടിട്ടി ല്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല.''(അൽ ജമാഅ) ചുംബിക്കുവാൻ സൗകര്യപ്പെട്ടില്ലെങ്കിൽ കൈകൊണ്ട് തടവിയ ശേഷം കൈ ചുംബിച്ചാലും മതി. ഇബ്നു ഉമർﷺ കൈകൊണ്ട് തടവിയ ശേഷം തന്റെ കൈ ചുംബിച്ചിരുന്നു. അദ്ദേഹം പറ ഞ്ഞു: ''നബിﷺഅങ്ങിനെ ചെയ്യുന്നതായി കണ്ടതിനു ശേഷം ഞാൻ അത് ഒഴിവാ ക്കിയിട്ടില്ല.(ബുഖാരി,മുസ്‌ലിം)

കൈകൊണ്ട് തടവാനും സൗകര്യപ്പെട്ടില്ലെങ്കിൽ പിന്നെ തനിക്കും മറ്റുള്ളവർക്കും പ്രയാസമുണ്ടാക്കുന്ന വിധം തിരക്കുണ്ടാക്കാൻ പാടില്ല. കാരണം ത്വവാഫ് നിശ്ചയിക്കപ്പെട്ട ഇബാദത്തിന്റെയും ഭയഭക്തിയുടേയും പരിധി വിട്ട് ഒരു വേള ശബ്ദകോലാഹലങ്ങളിലേക്കും ഏറ്റുമുട്ടലുകളിലേക്കും വരെ കൊണ്ടെത്തിക്കുന്ന അനർത്ഥങ്ങളായിരിക്കും അതുമൂലം ഉണ്ടായിത്തീരുക. അതിന് പകരമായി അകലെ നിന്നാണെങ്കിലും ആ കല്ലിനു നേരെ കൈകൊണ്ട് ആംഗ്യം കാണിച്ചാലും മതി.

ഇബ്നു അബ്ബാസ്ؓ ഉദ്ധരിക്കുന്നു: നബി ﷺ ഒരിക്കൽ ഒട്ടകപ്പുറത്ത് ഇരുന്നുകൊണ്ട് കഅബയെ ത്വവാഫ് ചെയ്തു. അദ്ദേഹം ഹജറുൽ അസ്‌വദിനു നേരെ വന്നപ്പോഴെല്ലാം അതിലേക്ക് ആംഗ്യം കാണിക്കുക മാത്രമാണ് ചെയ്തത്. ( ബുഖാരി )

മറ്റൊരു റിപ്പോർട്ടിലുള്ളത് പ്രവാചകൻ ﷺയുടെ കയ്യിലുള്ള ഒരു വസ്തു കൊണ്ട് ആംഗ്യം കാണിക്കുകയും തക്ബീർ ചൊല്ലുകയും ചെയ്തു എന്നാണ്.

പിന്നീട് വലതു ഭാഗത്തേക്ക് മാറി കഅ ബയെ തന്റെ ഇടത് ഭാഗത്താക്കി മുന്നോട്ട് നീങ്ങുക, റുകുനുൽ യമാനി യുടെ അരികിലെത്തുമ്പോൾ സൗകര്യ പ്പെടുമെങ്കിൽ അതിനെ കൈകൊണ്ട് തടവുക. അതിനു സാധിച്ചില്ലെങ്കിൽ അവിടേയും തിരക്കാൻ നിൽക്കേണ്ടതില്ല.

ഹജറുൽ അസ്‌വദും റുക്നുൽ യമാനിയും ഒഴികെ കഅബയുടെ ഒരു ഭാഗവും തൊട്ടു തടവേണ്ടതില്ല. കാരണം അത് രണ്ടും ഇബ്റാഹീം നബിعليه السلامയുടെ അടിത്തറയിൽ തന്നെ അവശേഷിക്കുന്നു. നബിﷺഅത് രണ്ടിനേയും മാത്രമേ തൊട്ടു തടവിയിട്ടുള്ളൂ.

ഇമാം അഹ്മദ് രേഖപ്പെടുത്തുന്നു :''ഒരി ക്കൽ ഇബ്നു അബ്ബാസ്رضي الله عنه മുആവിയ്യ رضي الله عنه

വിന്റെകൂടെ കഅബ ത്വവാഫ് ചെയ്തു. കഅബയുടെ എല്ലാമൂലകളേയും മുആവിയ്യ ﷺ തടവുന്നത് കണ്ടപ്പോൾ ഇബ്നു അബ്ബാസ് ﷺ ചോദിച്ചു: നബി ﷺ തടവാത്ത ഈ രണ്ട് മൂലകളേയും അങ്ങ് എന്തിനാണ് തടവുന്നത്? അദ്ദേഹം പറഞ്ഞു: കഅബയുടെ ഒരു ഭാഗവും തന്നെ ഒഴിവാക്കേണ്ടതില്ല. അപ്പോൾ ഇബ്നു അബ്ബാസ് ﷺ പറഞ്ഞു: ''തീർച്ചയായും അല്ലാഹുവിന്റെ പ്രവാചകരിൽ നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്''. മആവിയ ﷺ പറഞ്ഞു: നിങ്ങൾ പറഞ്ഞതു തന്നെയാണ് ശരി, ഹജറുൽ അസ്വദിന്റെയും റുക്നുൽ യമാനിയുടെയും ഇടയിൽ ഇപ്രകാരം പ്രാർത്ഥിക്കണം :

**رَبَنَا آتِنَا في الدنيَا حَسَنَةً وَفي الآخرَة حَسَنَةً وَقِنَا عَذَابَ النار**

( ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങ ൾക്ക് ഇഹലോകത്ത് നല്ലത് തരേണമേ, പരലോകത്തും നൻമ നല്കുകയും നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തു രക്ഷിക്കുകയും ചെയ്യേണമേ.
( ബഖറ:201 )

ഹജറുൽ അസ്വദിന് അടുത്ത് എത്തുമ്പോഴെല്ലാം നേരത്തെ വിവരിച്ചത് പോലെ ചെയ്യുകയും തക്ബീർ ചൊല്ലുകയും വേണം. തവാഫിലെ മറ്റു സന്ദർഭങ്ങളിലെല്ലാം ഓരോരുത്തരുടെയും ഇഷ്ടം പോലെ ദിക്റുകളും ദുആഉകളും ഖുർആൻ പാരായണവും നടത്താവുന്നതാണ്. യദാർത്ഥത്തിൽ കഅബയെ ത്വവാഫ് ചെയ്യുന്നതും സ്വഫാ മർവ്വക്കിടയിൽ നടക്കുന്നതും ജംറകളിൽ കല്ലെറിയുന്ന്തുമെല്ലാം അല്ലാഹുവിനെ ദിക്റ് ചെയ്യാൻ വേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതാകുന്നു.

പുരുഷൻമാർ ഈ ത്വവാഫിൽ എപ്പോഴും'ഇള്ത്വിബാഇ'ന്റെ രൂപത്തിൽ വസ്

ത്രം ധരിക്കലും ആദ്യത്തെ മൂന്നു ചുറ്റിൽ 'റംലി'ന്റെ രൂപത്തിൽ നടക്കലും സുന്ന ത്താണ് .
വലത് ചുമൽ പുറത്താക്കിക്കൊണ്ട് അതിനടിയിലൂടെയും ഇടത് കക്ഷത്തിന് മുകളിലൂടെയും മേൽമുണ്ട് ധരിക്കുന്നതിനാണ് 'ഇള്ത്വിബാഅ് ' എന്ന് പറയുന്നത്, കാലടികൾ അടുപ്പിച്ച് വെച്ച് നടക്കുന്ന രൂപത്തിനാണ് 'റംല്' എന്ന് പറയുന്നത്. ഹജറുൽ അസ്‌വദിൽ നിന്ന് തുടങ്ങി അവിടെ തന്നെ അവസാനിക്കുന്ന ഏഴു ചുറ്റാണ് ത്വവാഫ് എന്ന് പറയുന്നത്. ഹിജ്റിനുള്ളിലൂടെ ത്വവാഫ് ചെയ്താൽ മതിയാവുന്നതല്ല, ഏഴ് ചുറ്റ് പൂർത്തിയാക്കിയ ശേഷം മഖാമു ഇബ്റാഹീമിന്റെ ഭാഗത്തേക്ക് മാറി ഇങ്ങിനെ പാരായണം ചെയ്യുക **وَاتخذُوا مِـن مقَـامِ إبـرَاهيمَ مصَـلى** മഖാമു ഇബ്റാഹീമിനെ

നിങ്ങളും നമസ്കാര സ്ഥാനമായി സ്വീകരിക്കുക( ബഖറ 125)
അനന്തരം മഖാമു ഇബ്റാഹീമിന്റെ പുറകിൽ നിന്ന് സൗകര്യപ്പെടുമെങ്കിൽ അവിടെ വെച്ച് രണ്ട് റകഅത്ത് നമസ് കരിക്കുക. ഈ നമസ്കാരത്തിൽ ഫാതി ഹക്ക് ശേഷം ഒന്നാമത്തെ റക്അത്തിൽ കാഫിറൂൻ സൂറത്തും രണ്ടാമത്തേതിൽ ഇഖ്ലാസ് സൂറത്തും ചൊല്ലുക. വീണ്ടും സൗകര്യമാണെങ്കിൽ ഹജറുൽ അസ്വദിന്റെ അടുത്ത് വന്ന് കൈ കൊണ്ട് തടവുക, ഇല്ലെങ്കിൽ കൈകൊണ്ട് ആംഗ്യംകാ ണിക്കേണ്ട തില്ല. പിന്നീട് സഅ്യ് ചെയ്യു ന്നതിനാ യി മസ്അയിലേക്ക് നീങ്ങുക. സഫയുടെ അടുത്ത് എത്തുമ്പോൾ ഇങ്ങിനെ പാരായണം ചെയ്യുക.

إن الصفا وَالمَروَةَ من شَعَآئِرِ ا ـِ

( തീർച്ചയായും സ്വഫയും മർവ്വയും മ തചിഹ്നങ്ങളായി അല്ലാഹു നിശ്ച

യിച്ചതിൽ പെട്ടതാകുന്നു) ബഖറ : 157 ഈസന്ദർഭത്തിലല്ലാതെ ഇത് പാരായണം ചെയ്യേണ്ടതില്ല.

കഅബയെ കാണുന്ന വിധം സഫയിൽ കയറിനിന്ന് കഅബയിലേക്ക് തിരിഞ്ഞു നിന്ന് കൈകൾ ഉയർത്തി അല്ലാഹുവെ സ്തുതിച്ചു കൊണ്ട് താൻ ഉദ്ദേശിച്ചത് പ്രാർത്ഥിക്കുക. നബിﷺ ഇവിടെ വെച്ച് ഇങ്ങിനെ പ്രാർത്ഥിച്ചിരുന്നു:

**لا إِلَهَ إلا الله وَحدَه لا شَرِيكَ لَه، لَه الْملك، وَلَه الْحَمد، وَهوَ عَلى كُل شَيءٍ قَدير، لا إِلَهَ إلا الله وَحدَه، أنجَزَ وَعدَه، وَنصَـرَ عَبـدَه، وَهَـزَمَ الأحـزَابَ وَحـدَه**

(അല്ലാഹുവല്ലാതെ മറ്റ് ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. രാജാധിപത്യം അവനാണ് . അവൻ സർവ്വ ശക്തനാണ്. അല്ലാഹുവല്ലാതെ മറ്റ് ആരാധ്യനില്ല. അവൻ ഏകനാണ്. തന്റെ വാഗ്ദാനം അവൻ നിറവേറ്റിയിരിക്കുന്നു. തന്റെ ദാസനെ അവൻ

സഹായിച്ചിരിക്കുന്നു. ശത്രുക്കളെ അവൻ തനിച്ച് പരാജയപ്പെടു ത്തിയിരിക്കുന്നു.)
ഇത് മൂന്ന് തവണ ആവർത്തിക്കുക. അവക്കിടയിലെല്ലാം ദുആ ചെയ്യുകയും ചെയ്യുക. പിന്നീട് സ്വഫയിൽ നിന്ന് മർവ്വയിലേക്ക് ഇറങ്ങി നടക്കുക, പച്ച നിറം അടയാളപ്പെടുത്തിയ രണ്ട് തൂണുകൾക്കിടയിൽ പരമാ വധി വേഗത കൂട്ടുകയും ചെയ്യുക. മർവ്വയിൽ എത്തിയാൽ കഅബയുടെ നേരെ തിരിഞ്ഞ് സ്വഫയിൽ പ്രാർത്ഥിച്ച പോലെ പ്രാർത്ഥിക്കുക.

വീണ്ടും മർവ്വയിൽ നിന്ന് സ്വഫയിലേക്ക് ഇറങ്ങി നടക്കുക, വേഗത കൂട്ടേണ്ട സ്ഥലത്ത് എത്തുമ്പോൾ വേഗത കൂട്ടുക. സ്വഫയിൽ കയറി കഅബയുടെ നേരെ തിരിഞ്ഞ്നിന്ന് നേരെത്തേത് പോലെ പ്രാർത്ഥിക്കുക. സഅ്‌യിലുടനീളം ഇഷ്ട മുള്ള ദുആഉകളും ദിക്റുകളും ഖുർആ

ൻ പാരായണവും നടത്താവുന്നതാണ്. സ്വഫാ മർവ്വ മലയിൽ കയറുന്നതും ര ണ്ട് അടയാളങ്ങൾക്കിടയിൽ വേഗത കൂ ട്ടുന്നതും സുന്നത്തുമാത്രമാണ്. നിർബന്ധമില്ല. സ്വഫയിൽ നിന്ന് മർവ്വയിലെത്തിയാൽ ഒരു പ്രാവശ്യ മായും അവിടെ നിന്ന് വീണ്ടും സ്വഫയിൽ എത്തിയാൽ രണ്ടാം പ്രാവശ്യമായും കണക്കാക്കും. അപ്ര കാരം ഏഴു പ്രാവശ്യം പൂർത്തിയായാൽ പുരുഷൻമാർ തലമുടി പൂർണ്ണമായും കളയുകയോ വെട്ടുകയോ ചെയ്യണം. തലമുടി കളയുന്നതാണ് ഏറ്റവും ശ്രേഷ്ഠം. എന്നാൽ 'തമത്തഅ്'' ആയി ഉടനെ ഹജ്ജ് ചെയ്യുന്നവർ ഉംറയിൽ നിന്ന് വിരമിക്കാനായി മുടി വെട്ടുകയും ഹജ്ജിൽ നിന്ന് വിരമിക്കുമ്പോൾ തലമുടി കളയുകയും ചെയ്യലാണ് ന ല്ലത്. ദുൽഹജ്ജു നാലിന് മക്കയിലെത്തി ഉംറനിർവ്വഹിച്ച സഹാബികളോട് മുടി

വെട്ടി തഹല്ലുലാവാൻ നബിﷺ കൽപ്പിച്ച തിൽ നിന്ന് ഇതു മനസ്സിലാക്കാം . എന്നാൽ സ്ത്രീകൾ ഏത് അവസ്ഥയിലും മുടി വെട്ടുകയാണ് വേണ്ടത് ,മുടി വടിച്ചു കളയാൻ പാടില്ല ( അവർ തലമുടിയുടെ അറ്റത്തു നിന്ന് ഒരു വിരൽ തുമ്പോളമാണ് മുറിക്കേണ്ടത്.

പുരുഷൻമാർ തലമുടി പൂർണ്ണമായും കളയുകയോ വെട്ടുകയോ ചെയ്യണം .

**مُحَلِّقِينَ رُؤُوسَكُمْ** ( തല മുണ്ഡനം ചെയ്തവരായി) എന്ന് അല്ലാഹു പറഞ്ഞതിൽ നിന്നും ഇത് മനസ്സിലാക്കാവുന്നതാണ്.

മാത്രമല്ല നബിﷺ തന്റെ തലമുടി പൂർണ്ണമായും കളയുകയും ചെയ്തിരുന്നു. അദ്ദേഹം ഇങ്ങനെ പറയുകയും ചെയ്തു: ‘‘നിങ്ങളുടെ ഹജ്ജ് കർമ്മങ്ങൾ നിങ്ങൾ എന്നിൽ നിന്നും സ്വീകരിക്കുക’’ ഇതോടെ ഉംറയുടെ കർമ്മങ്ങൾ പൂർത്തി യായി. പരിപൂർണ്ണമായി ഇഹ്റാമിൽ നിന്ന്

വിരമിക്കുകയും ചെയ്തു. അതോടെ ഇഹ്റാമിൽ ആയിരിക്കുമ്പോൾ വിലക്കപ്പെട്ട കാര്യങ്ങളെല്ലാം അനുവദനീയമാവുകയും ചെയ്യും.

**ഉംറകർമ്മങ്ങളുടെ ചുരുക്കം:**

1. വലിയ അശുദ്ധിക്ക് കുളിക്കുന്ന പോലെ കുളിക്കുകയും സുഗന്ധം പൂശുകയും ചെയ്യുക.

2. ഇഹ്റാമിന്റെ വസ്ത്രം ധരിക്കുക (പുരുഷൻ ഒരു മേൽമുണ്ടും തുണിയും ധരിക്കുക, സ്ത്രീകൾക്ക് അനുവദനീയമായ ഏത് വസ്ത്രവും ധരിക്കാവുന്നതാണ്).

3. തൽബിയ്യത്ത് ചൊല്ലുക, ത്വവാഫ് ആരംഭിക്കുന്നത് വരെ അത് തുടരുക.

4. ത്വവാഫ് ചെയ്യുക, ഹജറുൽ അസ്വദിൽ നിന്ന് ആരംഭിച്ച് അവിടെ തന്നെ അവസാനിപ്പിക്കുന്ന ഏഴു ചുറ്റാണത് .

5. മഖാമു ഇബ്റാഹീമീനിനു പിന്നിൽ വെച്ച് രണ്ടു റക്അത്തു നമസ്കരിക്കുക.

6. സഅ്യ് ചെയ്യുക,സഫയിൽ നിന്ന് ആരംഭിക്കുകയും മർവ്വയിൽ അവസാനിപ്പിക്കുകയും ചെയ്യുന്ന ഏഴു ചുറ്റാണത് .

7 പുരുഷൻമാർ തലമുടി പൂർണ്ണമായി കളയുകയോ വെട്ടുകയോ ചെയ്യുക. സ്ത്രീകൾ മുടി വെട്ടുകയും ചെയ്യുക.